9. കോളനികളും സങ്കേതങ്ങളും

ഹരിജന-ഗിരിജന കോളനികളിലും ഹരിജന സങ്കേതങ്ങളിലും പ്രത്യേകഘടക പദ്ധതിപ്രകാരം പലതരം വികസന പ്രവർത്തനങ്ങളും നടപ്പിലാക്കുന്നുണ്ട്.

10. കോളനൈസേഷൻ

ഹരിജനക്ഷേമത്തിനും ഗിരിജനങ്ങൾക്കും വേണ്ടി കോളനികൾ സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ കോളനികൾ സ്ഥാപിക്കാൻ ഇപ്പോൾ ഉദ്ദേശമില്ല.

11. സർക്കാർ സർവ്വീസിൽ പട്ടികജാതി-പട്ടികവർഗക്കാരുടെ പ്രാതിനിദ്ധ്യം

സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും ജോലി സംവരണം ചെയ്തിട്ടുണ്ട്. ഇവരുടെ പ്രാതിനിദ്ധ്യം കാലാകാലങ്ങളിൽ വിലയിരുത്തികുറവുള്ള തസ്തികകളിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റും നടത്തുന്നുണ്ട്.

12. അയിത്തം

അയിത്തോച്ചാടനത്തിനായി ജനങ്ങളെ ബോധവാൻമാരാക്കുന്നതിന് പരിപാടികൾ രൂപീകരിച്ചിട്ടുണ്ട്. ഹരിജന-ഗിരിജനങ്ങൾ മറ്റുള്ളവരിൽ നിന്നും ഒറ്റപ്പെട്ടുപോകാതിരിക്കുന്നതിനും സാമൂഹികഉൽഗ്രഥനം സാദ്ധ്യമാക്കുന്നതിനുമുള്ള പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

13. പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

ഹരിജൻ-ഗിരിജന വികസന കോർപ്പറേഷനിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തീരുമാനം എടുക്കുവാൻ ഫീൽഡ് സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്. ഭവന നിർമ്മാണ വായ്പ, കൃഷിഭൂമി വാങ്ങുന്നതിനുള്ള വായ്പ എന്നിവക്കു ജാമ്യവും നിഷ്കർഷിക്കാറില്ല. ബാങ്കുകളിൽകൂടി നടപ്പിലക്കുന്ന മാർജിൻ മണി സ്കീമിനും 5,000 രൂപവരെയുള്ള വായ്പകളിൽ ജാമ്യം ആവശ്യപ്പെടാറില്ല.

14. ഭരണ സംവിധാനം

കമ്മീഷന്റെ വിവിധ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് ഭരണ സംവിധാനത്തിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ 28-7-1983-ൽ തന്നെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്

15. ഹരിജന-ഗിരിജന കേന്ദ്രങ്ങൾക്ക് പ്രത്യേക പരിഗണന

പത്തോ അതിൽകൂടുതലോ ഹരിജന-ഗിരിജനഭവനങ്ങൾ കേന്ദ്രീകരിച്ചിട്ടുള്ള സ്ഥലങ്ങളെ ഹരിജനസബ് കേന്ദ്രങ്ങളായി കണക്കിലെടുത്ത് ജില്ലാതലത്തിൽ തീരുമാനങ്ങളെടുത്ത് പ്രത്യേക ഘടക പദ്ധതിയിൻകീഴിൽ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) കമ്മീഷന്റെ ശുപാർശകളിൽ നടപ്പിലാക്കാവുന്നതെല്ലാം നടപ്പിലാക്കിക്കഴിഞ്ഞു.

ഹരിജൻ സഹകരണ സംഘങ്ങൾവഴി വാങ്ങിയ ബസ്സുകൾ

558. [542] ശ്രീ. സി. കെ. തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജനങ്ങൾക്ക് സ്വന്തമായി ബസ്സുവാങ്ങി സർവ്വീസ് നടത്തുന്നതിന് ഗവൺമെന്റ് ധനസഹായം ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇപ്പോൾ എത്ര ഹരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സൊസൈറ്റികൾക്ക് നാളിതുവരെയായി എത്ര ബസ്സുകൾ വാങ്ങി സർവ്വീസ് തുടങ്ങുവാൻ കഴിഞ്ഞിട്ടുണ്ട് ;

(സി) സൊസൈറ്റി മുഖാന്തിരം വാങ്ങിയ ബസ്സുകൾക്കെല്ലാം സ്ഥിരം റൂട്ടുകൾ അനുവദിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ റൂട്ട് അനുവദിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ ;

(ഇ) ഈ സൊസൈറ്റികൾ ഇപ്പോൾ സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട് ;

(എഫ്) ഓരോ ജില്ലയിലും ഇപ്രകാരമുള്ള എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട് ?

ഉത്തരം

(എ) 13.

(ബി) 21.

(സി) ഉണ്ട്.

(ഡി) ഉദിക്കുന്നില്ല.

(ഇ) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്.

(എഫ്)

തിരുവനന്തപുരം	2
കൊല്ലം	3
പത്തനംതിട്ട	ഇല്ല
ആലപ്പുഴ	ഇല്ല
കോട്ടയം	ഇല്ല
എറണാകുളം	5
തൃശ്ശൂർ	3
പാലക്കാട്	2
മലപ്പുറം	ഇല്ല
കോഴിക്കോട്	2
വയനാട്	ഇല്ല
കണ്ണൂർ	2
കാസർഗോഡ്	2

ബസ്സ് സർവ്വീസ് നടത്തുന്ന ഹരിജൻ കോ-ഓപ്പറേറീവ് സൊസൈറ്റികൾ

359. [543] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജനങ്ങൾക്ക് സ്വന്തമായി ബസ്സ് വാങ്ങി സർവ്വീസ് നടത്തുന്നതിന് ഗവൺമെൻറ് ധനസഹായം ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എത്ര ഹരിജൻ കോ-ഓപ്പറേറീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത കോ-ഓപ്പറേറീവ് സൊസൈറ്റികൾക്ക് നാളിതുവരെയായി എത്ര ബസ്സുകൾ വാങ്ങി സർവ്വീസ് തുടങ്ങാൻ കഴിഞ്ഞിട്ടുണ്ട് ;

(സി) ഇപ്രകാരം വാങ്ങപ്പെട്ട ബസ്സുകൾക്കെല്ലാം സ്ഥിരമായ റൂട്ടുകൾ അനുവദിക്കപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly